കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, ഡോ. സ്വാമിനാഥന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ കേന്ദ്രത്തിന് സമർപ്പിച്ച റിപ്പോർട്ട് കേന്ദ്രം തത്വത്തിൽ അംഗീകരിക്കുകയും വിവിധ സംസ്ഥാന കൃഷി വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ അത് നടപ്പാക്കുന്നതിനുള്ള ആലോചന നടത്തുകയും ചെയ്തെങ്കിലും അതിന്റെ ഇംപ്ലിമെന്റേഷൻ ആയിട്ടില്ല. ആ നിർദ്ദേശത്തിലുള്ള ഒരു പ്രധാനപ്പെട്ട കാര്യം കൃഷിക്കുള്ള ക്ഷേമം പോലെതന്നെ കർഷകർക്കും ക്ഷേമം വേണമെന്നുള്ളതാണ്. ആ നിർദ്ദേശം നടപ്പാക്കാനാണ് കർഷക ക്ഷേമവകുപ്പ് രൂപീകരിക്കണമെന്ന് സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശിച്ചത്. ആ നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചതല്ലാതെ കേന്ദ്ര ഗവൺമെന്റ് അത് നടപ്പാക്കാൻ തുടങ്ങിയിട്ടില്ല. അത് നടപ്പാക്കി തുടങ്ങുമ്പോൾ തീർച്ചയായും കർഷകരുടെ പെൻഷൻ, കർഷകരുടെ ഇൻഷ്വറൻസ്, കർഷകരുടെ പരിരക്ഷ, കർഷകരുടെ പേരിൽ തന്നെ ഭൂമി, അതിന്റെ കൈമാറ്റം ഇതെല്ലാം തന്നെ ആ ശുപാർശയിലുള്ളതാണ്. ആ ശുപാർശയിൽ 4 ശതമാനം പലിശയ്ക്ക് വായ്പ നൽകുക, കുടംബനാഥയുടെ പേരിൽ ഭൂമി തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ളതുകൂടി അംഗീകരിച്ചുകൊണ്ട് കേന്ദ്രം നടപ്പാക്കിയില്ലെങ്കിലും കർഷകക്ഷേമപരിപാടികൾ നടപ്പാക്കിത്തുടങ്ങിയ സംസ്ഥാനമാണ് കേരളം. നെൽകർഷകർക്കും നാളികേര കർഷകർക്കുമെല്ലാം പെൻഷനും ഇൻഷ്വറൻസ് പരിരക്ഷയും മറ്റു പദ്ധതികളും പലിശരഹിത വായ്പയും നെല്ലിന് നല്ല വില ഇതെല്ലാം നൽകുന്നുണ്ട്. ഇപ്പോൾ ഉദ്ദേശിക്കുന്നത്, ഡയറക്ടറേറ്റിൽത്തന്നെ കർഷകക്ഷേമത്തിനുവേണ്ടി ഒരു അഡീഷണൽ ഡയറക്ടറുടെ കീഴിൽ ഒരു സെൽ തുടങ്ങാനാണ്. ആ സെല്ലിന്റെ മുഖ്യ പരിശോധന കർഷക ക്ഷേമവുമായി ബന്ധപ്പെട്ടായിരിക്കും. മറ്റ് കാര്യങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും സാധ്യമായ തരത്തിൽ സംസ്ഥാന ഗവൺമെന്റ് കാര്യങ്ങൾ നടപ്പാക്കാനും ശ്രദ്ധിക്കുന്നതാണ്.

(8) പ്രകൃതിക്ഷോഭത്തിൽ വീട് തകർന്നവർക്കുള്ള ധനസഹായം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, പ്രകൃതിക്ഷോഭം കാരണം വീടിന് നാശനഷ്ടമുണ്ടായാൽ ലഭിക്കുന്ന ധനസഹായം വളരെ പരിമിതമാണ്. ധാരാളം പാവപ്പെട്ടയാളുകൾക്ക് ഈ ദുരന്തം ഏറ്റുവാങ്ങേണ്ടി വരുന്നുണ്ട്. മേയ്, ജൂൺ മാസങ്ങളിൽ മാത്രമായി ഇതിൽ വർദ്ധനവ് വരുത്തിക്കൊണ്ട് റവന്യൂ വകുപ്പ് ഒരു ഉത്തരവിറക്കി. അതിനകത്തുള്ള അപാകതയെന്നു പറയുന്നത് അത് താൽക്കാലികമായിട്ടുള്ള ഒരു ക്രമീകരണം മാത്രമായാണ് വന്നിരിക്കുന്നത്. പ്രകൃതിക്ഷോഭംമൂലം പൂർണ്ണമായി വീട് നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം 1 ലക്ഷം രൂപയായി നൽകണമെന്നുള്ള ആവശ്യം പാവപ്പെട്ടവരെ ബാധിക്കുന്ന ഒരു കാര്യമെന്നുള്ള നിലയിൽ അനുകൂലമായ ഒരു തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, കേന്ദ്ര മാനദണ്ഡമനുസരിച്ച് വീട് പൂർണ്ണമായി തകർന്നുപോയാൽ 35,000 രൂപ മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ അയ്യായിരം രൂപയും പതിനായിരം രൂപയുമാണ്. ഇത് മനസ്സിലാക്കിക്കൊണ്ടാണ് ഗവൺമെന്റ് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. 65,000 രൂപ സംസ്ഥാന ഗവൺമെന്റ് നൽകണം. അത് മേയ്, ജൂൺ മാസങ്ങളിൽ നൽകാനാണ് ഉത്തരവിൽ വന്നത്. അത് മാറ്റാൻ തീരുമാനിച്ച വിവരം അറിയിക്കുകയാണ്. കാലവർഷക്കെടുതിയിൽ തകർന്നുപോകുന്ന എല്ലാ വീടുകൾക്കും ഒരു ലക്ഷം രൂപയായി ധനസഹായം വർദ്ധിപ്പിക്കുന്നതാണ്. 10 കോടി രൂപ ഇതിനായി ധനകാര്യ വകുപ്പ് പ്രത്യേകം അനുവദിച്ച കാര്യം അറിയിക്കുന്നു.

(9) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി

ശ്രീ. ബി. രാഘവൻ : സർ, ഏറ്റവും ഗൗരവമേറിയ ഒരു ഭൂ പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഭൂമിയുടെ ആവശ്യം വർദ്ധിച്ചുവരികയാണ്. വ്യവസായത്തിനായാലും പൊതു ആവശ്യത്തി നായാലും കൃഷിക്കായാലും പാർപ്പിടത്തിനായാലും ഭൂമി ആവശ്യമാണ്. ഭൂമി യുടെ കുത്തക പ്രമാണിമാർ കയ്യടക്കിയിരിക്കുകയാണ്. എന്നുമാത്രമല്ല, അവർ കയ്യേറിക്കൊണ്ടിരിക്കുകയാണ്. അതിൽ നമ്പർ വൺ, ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയാണ്. അവർ കേരളത്തിലെ വനപ്രദേശത്തെ ഭൂമി മുഴുവൻ കയ്യേറിക്കൊണ്ടിരിക്കുകയാണ്. ആ നിലയിൽ പത്തനംതിട്ട ജില്ലയിലെ ളാഹാ എസ്റ്റേറ്റിലെ ആയിരക്കണക്കിന് ഏക്കർ ഭൂമി തോട്ടപരിധിയിൽപ്പെടു ത്തിയിരിക്കുകയാണ്. തോട്ടത്തിന്റെ പാട്ടവ്യവസ്ഥയുടെ കാലാവധി തീർന്നു. അനുവദിക്കപ്പെട്ട പ്ലാന്റേഷൻ പരിധിയിൽ വരുന്ന ഭൂമിയേക്കാൾ പതിന്മടങ്ങ് ഭൂമി കൈവശപ്പെടുത്തിയിരിക്കുകയാണ്. ആ നിലയിൽ 1963-ലെ ഭൂ പരിഷ്ക്കരണ നിയമത്തിന്റെ 72-ാം വകുപ്പ് അനുസരിച്ച് നിയമപ്രകാരമല്ലാതെയുള്ള എല്ലാ കൈവശഭൂമിയും സർക്കാരിന് എപ്പോഴും ഏറ്റെടുക്കാമെന്ന് മനോഹരൻ കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്യപ്പെട്ടിരുന്നു. 1964-ന് ശേഷം മലയാളം പ്ലാന്റേഷൻ കമ്പനി വിറ്റ എല്ലാ തോട്ടങ്ങളും ഏറ്റെ ടുക്കാൻ റവന്യൂ വകുപ്പ് അന്ന് തീരുമാനിച്ചിരുന്നു. അതിനുപുറമെ ലാന്റ് റവന്യൂവിന്റെ അഡീഷണൽ അസിസ്റ്റന്റ് കമ്മീഷണർ സുജിത് ബാബുവിന്റെ റിപ്പോർട്ടും ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. 1957-ലെ ഭൂ പരിഷ്ക്കരണ വുമായി ബന്ധപ്പെട്ട് 11, 12 വകുപ്പുപ്രകാരം ചെങ്ങറ അടക്കം ലഭ്യമായ ഭൂമി ഹാരിസൺ വിലയ്ക്കു വാങ്ങി. ആ വിലയ്ക്കു വാങ്ങിയ ഭൂമി സർക്കാരിന് ഏത് അവസരത്തിലും ഏറ്റെടുക്കാമെന്ന അവകാശം നിക്ഷിപ്തമായിരിക്കുന്ന സന്ദർഭത്തിൽ കാലാവധി കഴിഞ്ഞ ആ ഭൂമി സർക്കാർ ഏറ്റെടുക്കണം. ആ ഭൂമി ഭൂരഹി തരായ കർഷകത്തൊഴിലാളികൾക്കും ആ തോട്ടങ്ങളിൽ പണിയെടുക്കുന്നവർക്കും കൊടുക്കണം. പാട്ടക്കാലാവധി കഴിഞ്ഞ എല്ലാ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly